**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191** — **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്താകെയുള്ള റോഡ് ശൃംഖലയുടെ എത്ര ശതമാനമാണ് പൊതുമരാമത്ത് വിഭാഗത്തിന്റെ അധികാര പരിധിയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; ദേശീയപാത അതോറിറ്റിക്ക് കീഴിലും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് കീഴിലും വരുന്ന റോഡുകളുടെ ആകെ ദൈർഘ്യം സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | സംസ്ഥാന ആസൂത്രണബോർഡിന്റെ 2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് നിലവിൽ വിവിധ വകുപ്പുകളുടെ കീഴിലായി 2,38,773.02 കി.മീ റോഡുകളാണ് ഉള്ളത്. അതിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 29522 കി.മീ റോഡുകൾ (12.36%) വരുന്നു. ഇതിൽ 4128 കി.മീ സംസ്ഥാന പാതകളും 25394 കി.മീ മേജർ ഡിസ്ട്രിക്ട് റോഡുകളും ഉൾപ്പെടുന്നു. സംസ്ഥാനത്താകെയുള്ള 1782 കി.മീറ്റർ ദേശീയപാതയിൽ 548 കി.മീറ്റർ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അധീനതയിൽ വരുന്നത്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ അധികാര പരിധിയിലുള്ള റോഡുകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (ബി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധികാര പരിധിയിലുള്ള റോഡുകളുടെ പരിപാലനം ഉറപ്പ് വരുത്തുന്നതിനായി ബഡ്ജറ്റ്, നബാർഡ്, ശബരിമല പദ്ധതികളിൽപ്പെടുത്തി 266 പ്രവൃത്തികൾക്കായി 1196.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഡി.എൽ.പി.യിൽ അല്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 302.286 കോടി രൂപയുടെ ഭരണാനുമതി നൽകി. മേൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. 12332 കി.മീ റോഡുകൾ ഇതിൽപ്പെടുന്നു. മഴക്കാല പൂർവ്വ പ്രവൃത്തികളിലൂടെ 9210 Km റോഡ് പരിപാലനവും നടത്തുന്നുണ്ട്. Project Management System, DICC, PMG Portal, ROW Portal Constituency Monitoring Team എന്നീ സംവിധാനങ്ങളിലൂടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br>പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ |

| | | | |
|---|---|---|---|
| | | | **കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിപാലനത്തിനായി Ordinary Repair (OR) ലും Flood damage repair (FDR) ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇത് കൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും, ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി ലഭിക്കാറുണ്ട്. ഇത് ഉപയോഗിച്ച് സ്ഥായിയായി അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കാറുണ്ട്.** |
| (സി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികളുടെ ഭാഗമായി ഈ സർക്കാർ നടത്തിയ പ്രവൃത്തികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | **9210 കി.മീ ദൈർഘ്യമുള്ള 216 മഴക്കാല പൂർവ്വ പ്രവൃത്തികൾക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് 12.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.**<br><br>**പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ മഴക്കാലപൂർവ്വ പദ്ധതികളുടെ കീഴിൽ 14 പ്രവൃത്തികൾക്കായി 8184961.16/- രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം റണ്ണിംഗ് കോൺട്രാക്ട്, OPBRC പദ്ധതികളിൽ ഉൾപ്പെടുത്തിയും മഴക്കാലത്തിനുമുമ്പ് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ